0080962

**K19U 2569**

Reg. No. : ...............................

Name : ..................................

**III Semester B.A. Degree (CBCSS - Reg./Sup./Imp.) Examination, November - 2019**

**(2017 Admissions Onwards)**

**CORE COURSE IN MALAYALAM**

**3B03 MAL : ചെറുകഥാസാഹിത്യം**

സമയം : 3 മണിക്കൂർ മാർക്ക് : 40

**I.** 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1. മലയാളകവിതയിൽ കുഞ്ചൻ നമ്പ്യാർ തുടങ്ങിവെച്ച സാമൂഹ്യവിമർശന സമ്പ്രദായമാണ് മലയാളകഥയിൽ വി. കെ. എൻ പരീക്ഷിച്ചത്- 'വിവാഹപ്പിറ്റേന്ന് ' എന്ന കഥയെ ആധാരമാക്കി പരിശോധിക്കുക.
2. കുടുംബമെന്ന പുരുഷാധീശ സ്ഥാപനത്തെയും അതിന്റെ ജീർണ്ണതകളെയും ഏറ്റവും നിശിതമായി വിമർശിക്കുന്ന കഥയാണ് 'സ്കൂട്ടർ' - വിലയിരുത്തുക.
3. 'ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകൾ വിവരിക്കുക.
4. 'ബിരിയാണി' എന്ന കഥ അവതരിപ്പിക്കുന്ന സാമൂഹികപ്രശ്നം വിവരിക്കുക.

**II.** നൂറ്റമ്പത് വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. **(4×3=12)**

5. 'ചങ്കരാന്തി അട' എന്ന കഥയിലെ ദളിത് അവബോധം വിശകലനം ചെയ്യുക.
6. 'രസകരമായ കഥകൾ ചൊല്ലണമതിനാണല്ലോ മാനുഷജന്മം' ഇതായിരുന്നു ആദ്യകാല കഥാകാരന്മാരുടെ രചനാലക്ഷ്യം - ചർച്ച ചെയ്യുക.
7. സ്ത്രീയുടെ അസ്തിത്വം ചൂഷണം ചെയ്യുന്ന പുരുഷമേൽക്കോയ്മാ സംസ്കാരത്തിൽ തകർന്നടിഞ്ഞ പ്രതിഭകളിലൊന്നാണ് 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധ. - പരിശോധിക്കുക.

P.T.O.

8. കേരളത്തിലെ ക്ഷയിച്ചുപോയ തറവാടിന്റെ ദൃശ്യങ്ങൾ അവതരിപ്പിക്കുന്ന കഥയാണ് 'കർക്കിടകം' വിലയിരുത്തുക.

9. 'ഞെട്ടി ഉണർന്നുനോക്കിയപ്പോൾ എന്തു ദ്വാരക ! എന്തു ഹിമവാൻ ! നമ്മുടെ ബാരിസ്റ്റർ മേനോനുണ്ട് ചിരിച്ചുംകൊണ്ട് അടുക്കൽ നില്ക്കുന്നു!' സന്ദർഭമെഴുതി വിശദീകരിക്കുക.

10. 'തർക്കമന്ദിരം തകർത്തു' എന്ന തലക്കെട്ടിൽ 'തർക്കമന്ദിരം' എന്ന വാക്കു വെട്ടിമാറ്റി ബാബറി മസ്ജിദ് എന്നെഴുതിയ തിരുത്ത് പകരുന്ന സാമൂഹിക ബോധം വിവരിക്കുക.

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. **(4×2=8)**

11. "തീർച്ചയായും കഴിയും. പക്ഷേ ആ വഴിയിലൂടെ ഏറെ ദൂരം ഞാൻ പോവില്ല. തളർന്നവശനായിപ്പോവും. മടുപ്പും നിരാശയും എന്റെ കണ്ണുകളിൽ ഇരുൾ വീഴ്ത്തും. എന്റെ കാലുകൾ മരവിച്ചുപോകും " സന്ദർഭമെഴുതി വിശദീകരിക്കുക.

12. 'കാലം വളരെ കഴിഞ്ഞുപോയെങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ ആ മനുഷ്യനെ ഞങ്ങൾ ഓർക്കും...അയാൾ എന്തിനങ്ങനെ ചെയ്തു? " ചെയ്തതെന്ത് ? വിശദീകരിക്കുക.

13. 'മതാൻ കിടപ്പിലായാൽ കുട്ടികൾക്ക് ഇനി ആരാണുള്ളത് ? പെട്ടെന്ന് അയാളുടെ കണ്ണുകൾ നിറഞ്ഞു. അയാൾ ഒരു മുഷിഞ്ഞ കൈലേസുകൊണ്ട് മുഖം തുടച്ചു ധൃതിയിൽ വീട്ടിലേക്കു നടന്നു.. ' വിശദമാക്കുക.

14. 'കാളമേഘം പോലെ കറുത്ത് മഹാമേരുപോലെ ഘോരാകൃതിയിൽ ആയുധപാണികളായ രണ്ടു ഭൂതങ്ങൾ ആ പുകയുടെ പിന്നാലെ ഞങ്ങൾക്കഭിമുഖമായി വരുന്നതും കണ്ടു.'സന്ദർഭമെന്ത് ? വ്യക്തമാക്കുക.

15. 'പക്ഷെ ചത്തവർക്ക് അടയും വെച്ചുകൊണ്ടു കാത്തിരുന്നിട്ടു ഫലമില്ലെന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന്' ആരുടെ വാക്കുകൾ? വിശദമാക്കുക.

16. 'കണ്ണടച്ച് മിണ്ടാതെ കിടന്നു. മനസ്സിനു മുൻപിൽ ആ കൊച്ചുകാളിയുടെ വിഗ്രഹം തെളിഞ്ഞു' ആരെക്കുറിച്ചാണ് പരാമർശം? വിശദമാക്കുക.



IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6×1=6)**

17. ആരാണ് വാസനാവികൃതി എന്ന ചെറുകഥ എഴുതിയത് ?

18. 'ഗോപാലൻ നായരുടെ താടി' എന്ന പ്രസിദ്ധ കഥ രചിച്ചത് ?

19. ഭൂമിയുടെ അവകാശികൾ എന്ന കഥ രചിച്ചത് ?

20. 'ആ മരത്തെയും മറന്നു മറന്നു ഞാൻ' എന്ന നോവലെഴുതിയതാര് ?

21. വിധേയൻ എന്ന പേരിൽ അടൂർ സിനിമയാക്കിയത് ആരുടെ കൃതിയാണ്?

22. 'നിനക്കുള്ള സിംഹാസനം ഒഴിച്ചിട്ട് സിംഹാസനത്തിൽ ഞാൻ കാത്തിരിക്കും' ഏത് കഥയിലെ വാക്യം ?

23. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നതാര് ?

24. 'ആദ്യത്തെ കഥ സ്വാതന്ത്ര്യസമരത്തിനു വേണ്ടി ജയിലിൽ പോകുന്ന സ്ത്രീയെക്കുറിച്ചായിരുന്നു.' ആരുടെ വാക്കുകൾ?

---